**പതിനാലാം കേരള നിയമസഭ**

**ഒൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 928** — **25/01/2018-ൽ മറുപടിയ്ക്ക്.**

**ക്ഷീര സംഘങ്ങളിലെ സാമ്പത്തിക ക്രമക്കേടുകൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി.പി.അയിഷാ പോറ്റി | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ മന്ത്രി) |
| (എ) സംസ്ഥാനത്തെ പ്രാഥമിക ക്ഷീര സംഘങ്ങളിലെ സാമ്പത്തിക ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ആയത് പരിഹരിക്കുന്നതിന് സത്വര നടപടികൾ സ്വീകരിച്ചു വരുന്നു. |
| ബി) പ്രസ്തുത സംഘങ്ങളിലെ ക്രമക്കേടുകൾ തടയുന്നതിനും ആയത് അവസാനിപ്പിക്കുന്നതിനുമായി സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ? | (ബി) ക്ഷീരസഹകരണ സംഘങ്ങളുടെ നടത്തിപ്പ് കാര്യക്ഷമവും ക്രമപ്രകാരവും ആണ് എന്ന് ഉറപ്പ് വരുത്തുന്നതിനായി പ്രതിമാസം ഓരോ ക്ഷീരവികസന ഓഫീസർമാർക്ക് രണ്ട് വിശദ പരിശോധനയും മൂന്ന് മിന്നൽ പരിശോധനയും ഡയറി ഫാം ഇൻസ്ട്രക്ടർമാർക്ക് രണ്ട് വിശദ പരിശോധനയും നാല് മിന്നൽ പരിശോധനയും നടത്തുന്നതിന് ടാർജറ്റ് നിശ്ചയിച്ച് നൽകിയിട്ടുണ്ട്. കൂടാതെ ജില്ലാ തലത്തിൽ ഡെപ്യൂട്ടി ഡയറക്ടർ തലത്തിൽ ഒരു ഇൻസ്പെക്ഷൻ ടീം രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത പരിശോധനകളിൽ ഗുരുതരമായ ക്രമക്കേടുകൾ കണ്ടെത്തുന്ന പക്ഷം തുടർ നടപടികൾ സ്വീകരിക്കുന്നതിനും ആയത് ഡയറി രജിസ്ട്രാർക്ക് റിപ്പോർട്ട് ചെയ്യുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.